ഡെസ്ക് സമ്പ്രദായം നടപ്പാക്കുകയും ചെയ്തു. ജില്ലയിലെ എല്ലാ പോലീസ് ഓഫീസിലും ഇ-മെയിൽ സംവിധാനവും ബ്രോഡ്ബ്രാന്റ് കണക്ടിവിറ്റി സംവിധാനവും ഏർപ്പെടുത്തി.

(ബി) ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിയ മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ എന്നീ പോലീസ് സ്റ്റേഷനുകളിൽ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. സൈബർ സെൽ, ഫ്ളൈയിംഗ് സ്കാഡ്, ഹൈവേ പട്രോൾ എന്നിവയുടെ സേവനം ഉപയോഗിക്കുന്നുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ട്രാഫിക് സംസ്കാരം വളർത്തുന്നതിലേക്കായി വിദ്യാലയങ്ങളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചും കുറ്റകൃത്യങ്ങൾ തടയാൻ ശ്രമം നടത്തി വരുന്നു.

(സി) പോലീസുകാർക്ക് താമസിക്കുന്നതിനായി അമ്പതിലധികം ഫാമലി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുകയും, പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാർക്കായി വിശ്രമ മുറികൾ സ്ഥാപിക്കുകയും, വനിതാ സഹീകരണ കേന്ദ്രങ്ങൾ, വനിതാ വിജ്ഞാന-വ്യാപന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുകയും എല്ലാ പോലീസ് സ്റ്റേഷനുകൾക്കും കമ്പ്യൂട്ടറുകൾ,ഫോട്ടോ കോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ എന്നിവ നൽകുകയും റിസപ്ഷൻ ഡെസ്ക് സമ്പ്രദായം നടപ്പാക്കുകയും ചെയ്തു. എല്ലാ പോലീസ് ഓഫീസിലും ഇ-മെയിൽ സംവിധാനവും ബ്രോഡ്ബ്രാന്റ് സൗകര്യവും ഏർപ്പെടുത്തി. വിജിലൻസ് വകുപ്പിന്റെ വികസനത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ മൂന്ന് കമ്പ്യൂട്ടറുകൾ ഒരു ഫാക്സ് മെഷീൻ, ഒരു സ്കാനർ മെഷീൻ എന്നിവ നൽകിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം

61(267) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇല്ലെങ്കിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) പരാതിക്കാർക്ക് കൈപ്പറ്റ് രസീത്, പരാതിയുടെ പകർപ്പ്, എഫ്ഐആർ-ന്റെ കോപ്പി, വാഹന അപകടം സംബന്ധിച്ചാണെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ പകർപ്പ് എന്നിവ യഥാസമയം നൽകുവാനുള്ള ക്രമീകരണവും നിർദ്ദേശവും നൽകുമോ :

(ഡി) പ്രസ്തുത സംവിധാനങ്ങളിലൂടെ സുതാര്യത ഉറപ്പുവരുത്താൻ സമയബന്ധിതമായ നടപടി സ്വീകരിയ്ക്കുമോ ; എങ്കിൽ എന്നത്തേക്ക് ഈ സംവിധാനം പൂർണ്ണമായും നടപ്പാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly